# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം : ആ.വ – ഗതാഗതവിഭാഗം – കോവിഡ് 19 വാഹനങ്ങൾ കൈകാര്യംചെയ്യുന്ന ജീവനക്കാർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന : ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം.

## ഉത്തരവ് നം.HT5-60344/20/ആ.വ.ഡ തീയതി 23/07/2020

ആരോഗ്യ വകുപ്പിന്റെ ആംബുലൻസ് അടക്കമുള്ള വാഹനങ്ങൾക്ക് കേടുപാട് തീർക്കുന്ന ...... വർക്ക് ഷോപ്പിലെ ജീവനക്കാർക്ക് കോവിഡ് 19 മായി ബന്ധപ്പെട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ് ആയത് ചുവടെ ചേർക്കുന്നു.

### പൊതുവായ നിർദ്ദേശങ്ങൾ

- സ്ഥാപനത്തിന് ഉള്ളിൽ പ്രവേശിക്കുമ്പോഴും കൈകൾ വൃത്തിയാക്കി (കൈ കഴുകിയോ / ഹാൻറ് സാനിട്ടൈസർ) മാത്രം അകത്തേക്ക് പ്രവേശിക്കുക.
- ശരീര ഊഷ്മാവ് പരിശോധിക്കാനുള്ള സൗകര്യം പ്രവേശന കവാടത്തിൽ ഉണ്ടായിരിക്കണം, അകത്തേക്ക് പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ, സന്ദർശകർ എന്നിങ്ങനെ എല്ലാവരെയും ശരീര ഊഷ്മാവ് പരിശോധനക്ക് വിധേയരാക്കേണ്ടതാണ്.
- എല്ലായിപ്പോഴും മാസ്ക് ധരിക്കുക. ജോലി സ്ഥലത്ത് ആയിരിക്കുമ്പോഴും, വാഹനങ്ങൾ ശുചിയാക്കുമ്പോഴും, ഒന്നിൽ കൂടുതൽ മാസ്ക് കൈയിൽ കരുതുക.
- രോഗ ലക്ഷണങ്ങൾ (പനി, ചുമ, ശ്വാസതടസ്സം, ജലദോഷം, തൊണ്ടവേദന, മണവും രുചിയും തിരിച്ചറിയാനുള്ള കഴിവ് നഷ്ടപ്പെടുക എന്നിവ) ഉണ്ടെങ്കിൽ സ്വമേധയാ മേലധികാരികളെ അറിയിച്ച ശേഷം ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുക.
- കോവിഡ് 19 രോഗികളുമായുള്ള സമ്പർക്കചരിത്രം, വിദേശയാത്രാ ചരിത്രം ഉള്ളവർ, ക്വാറൻ്റൈനിൽ ഇരിക്കുന്ന വ്യക്തികളുമായി അടുത്തിടപെഴകുന്നവർ എന്നിവർ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സമ്പർക്ക വിലക്കിൽ കഴിയേണ്ടതാണ്.
- സ്ഥാപനത്തിനുള്ളിൽ സാമൂഹിക അകലം പാലിക്കുക.

### വാഹനങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടവ

- കേടുപാടുകൾ തീർക്കാൻ കൊണ്ടുവരുന്ന വാഹനങ്ങൾ അണുനശീകരണം നടത്തി മാത്രം വരാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെടുക.

- സ്ഥാപനത്തിന് അകത്തേക്ക് പ്രവേശിക്കുന്ന വാഹനങ്ങൾ പ്രവേശന കവാടത്തിൽ വച്ച് തന്നെ കൊണ്ടുവന്ന ഡ്രൈവർ / മറ്റാരെങ്കിലും, കയ്യിൽ നിന്നും ഉദ്യോഗസ്ഥർ കൈപ്പറ്റേണ്ടതാണ്, വാഹനത്തിന്റെ പ്രശ്നങ്ങൾ കേട്ടുപാടുകൾ എന്നിവ പ്രവേശന കവാടത്തിൽ വച്ചുതന്നെ ചോദിച്ച് മനസ്സിലാക്കി വാഹനം മാത്രം അകത്ത് പ്രവേശിക്കുക. ഇതിനായി പ്രവേശന കവാടത്തിൽ താൽകാലികമായി ഒരു ഫ്രണ്ട് ഓഫീസ് സജ്ജീകരിക്കാവുന്നതാണ്.
- വാഹനങ്ങൾ ഡ്രൈവറിൽനിന്നും കൈമാറ്റം ചെയ്ത് വാങ്ങുമ്പോൾ തന്ന വാഹനത്തിന്റെ സീറ്റ്, സ്റ്റിയറിംഗ്, ഗിയർ നോബ്, ഡാഷ് ബോർഡ് എന്നിവയിൽ സാനിട്ടൈസർ / ബ്ലീച്ച് ലായനി എന്നിവ പുരട്ടി അണുനശീകരണം നടത്തി മാത്രം അകത്തേക്ക് എടുക്കുക.
- വർക്ക്ഷോപ്പിനുള്ളിലേക്ക് കയറുന്ന വാഹനങ്ങൾ ആദ്യംതന്നെ വാഷിങ്ങ് ഏരിയായിൽ കൊണ്ടുപോയി 1 ശതമാനം വീര്യമുള്ള ബ്ലീച്ച് ലായനി ഉപയോഗിച്ച് അണുനശീകരണം ചെയ്തിരിക്കണം (ചക്രങ്ങൾ ഉൾപ്പെടെ) ബ്ലീച്ച് ലായനി ഒഴിച്ചശേഷം 20 മിനിറ്റ് കഴിഞ്ഞ ശേഷം മാത്രം വാഹനങ്ങൾ കേട്ടുപാട് തീർക്കാൻ ഉപയോഗിക്കുക. ബ്ലീച്ച് ലായനി ഒഴിക്കാനോ സ്പ്രേ ചെയ്യുവാനോ സാധ്യമാകാത്ത ഭാഗങ്ങളിൽ മോപ്പ് ഉപയോഗിച്ച് ബ്ലീച്ച് ലായനി കൊണ്ട് തുടക്കേണ്ടതാണ്.
- ബ്ലീച്ച് ലായനി തയ്യാറാക്കുന്ന വ്യക്തിയും അതുപയോഗിച്ച് വാഹനം വൃത്തിയാക്കുന്ന വ്യക്തിയും, വ്യക്തി സുരക്ഷാ മാർഗ്ഗങ്ങൾ കൃത്യമായി ഉപയോഗിക്കണം (കയ്യുറ – ഹെവി ഡ്യൂട്ടി. 3 ലെയർ മാസ്ക്, പ്ലാസ്റ്റിക ഏപ്രോൺ, ഗം ബൂട്ട്, ഗോഗിൾസ്)
- രോഗീ പരിചരണത്തിനോ, ആശുപത്രികളിലോ ഉപയോഗിക്കുന്ന വാഹനങ്ങൾ കേട്ടുപാടുകൾ തീർക്കുമ്പോൾ കയ്യുറകൾ ധരിക്കണം, തുണികൊണ്ടുള്ള വർക്ക് ഗ്ലോ ധരിക്കുന്നതിനു മുൻപ് ഒരു സർജിക്കൽ കയ്യുറ ധരിക്കുന്നത് രോഗാണുക്കൾ പകരുന്നത് തടയും.

വ്യക്തി സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ

- രോഗി പരിചരണത്തിനോ, ആശുപത്രികളിലോ ഉപയോഗിക്കുന്ന വാഹനങ്ങൾ കേട്ടുപാടുകൾ തീർക്കുമ്പോൾ 3 ലെയർ ഉള്ള മാസ്കുകൾ ധരിക്കുക.
- കൈയ്യുറകൾ ഉപയോഗിക്കുക, വർക്ക് ഗ്ലോ (തുണി കൊണ്ടുള്ളവ) ഉപയോഗിക്കുന്നവർ ആണെങ്കിൽ ആദ്യം റബ്ബർ സർജ്ജിക്കൽ കൈയുറകൾ ധരിച്ചശേഷം മാത്രം വർക്ക് ഗ്ലോ ധരിക്കുക.
- എല്ലായിപ്പോഴും മാസ്കുകൾ ഉപയോഗിക്കുക, ശാരീരിക അധ്വാനം ഉള്ള മാസ്കുകൾ ആയതുകൊണ്ട് തന്ന മാസ്കുകൾ പെട്ടെന്ന് നനഞ്ഞ് ഉപയോഗശൂന്യമാകാൻ സാധ്യത ഉണ്ട്. അത്കൊണ്ട് തന്നെ ഒരു ദിവസം 4 മാസ്കുകൾ എങ്കിലും കൈയ്യിൽ കരുതുക.

- ഉപയോഗശേഷം ഡിസ്പോസിബിൾ മാസ്കുകൾ ആണെങ്കിൽ ശരിയായ രീതിയിൽ നിർമാർജ്ജനം ചെയ്യേണ്ടതാണ്. മാസ്കുകൾ മഞ്ഞ നിറമുള്ള കവറിലും കൈയ്യുറകൾ ചുവന്ന നിറമുള്ള കവറിലും തരംതിരിച്ച് ശേഖരിക്കേണ്ടതാണ്. ഇത്തരം മാലിന്യങ്ങളുടെ കൂടെ വേറെ മാലിന്യമങ്ങൾ ഒന്നും തന്നെ ശേഖരിക്കാൻ പാടുള്ളതല്ല. ഇങ്ങനെ മാലിന്യങ്ങൾ (കൈയ്യുറ, മാസ്ക് മാത്രം) തരം തിരിച്ചു സൂക്ഷിക്കാൻ വേണ്ട സജ്ജീകരങ്ങൾ സ്ഥാപന മേലധികാരിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കേണ്ടതാണ്. ഇത്തരം ശേഖരിച്ച മാലിന്യങ്ങൾ അടുത്തുള്ള ആശുപത്രിയുടെ സഹായത്തോടെ സംസ്കരിക്കാവുന്നതാണ്.
- ഡ്യൂട്ടിക്ക് ശേഷം തിരികെ പോകുമ്പോഴോ യാത്രകൾക്കിടയിലോ മറ്റ് ആവശ്യങ്ങൾക്ക് പുറത്ത് പോകുമ്പോഴോ സാമൂഹിക അകലം കൃത്യമായി പാലിക്കുക.

വാഹനങ്ങൾ കേടുപാടുകൾ തീർക്കാൻ ഫീൽഡിൽ ചെല്ലുമ്പോൾ ശ്രദ്ധിക്കേണ്ടവ

- ഏതു സാഹചര്യത്തിൽ എങ്ങോട്ട് ആണ് പോകേണ്ടത് എന്ന് വ്യക്തമായി ചോദിച്ചു മനസ്സിലാക്കുക (ആശുപത്രി വാഹനത്തിൽ രോഗി ഉണ്ട്, വാഹനങ്ങൾ മലിനമാണോ)
- സാഹചര്യങ്ങൾക്ക് അനുസരിച്ചുള്ള വ്യക്തി സുരക്ഷാ മാർഗ്ഗങ്ങൾ (ഹാൻഡ് സാനിട്ടൈസർ, കൈയ്യുറകൾ, മാസ്ക് എന്നിവ) ആവശ്യമുള്ള അളവിൽ കൊണ്ടുപോകുക.
- സാധ്യമെങ്കിൽ കേടുപാടുകൾ തീർക്കുന്ന ഭാഗം എങ്കിലും (കൈ കൊണ്ട് സ്പർശിക്കേണ്ടിവരുന്ന ഭാഗത്ത്) ബ്ലീച്ച് ലായനി സ്പ്രേ ചെയ്ത ശേഷം 20 മിനിറ്റ് കഴിഞ്ഞ ശേഷം കേടുപാടുകൾ തീർക്കുക (ഇതിനായി ഒരു കൈകൊണ്ട് പ്രവർത്തിക്കാവുന്ന സ്പ്രേയറിൽ ബ്ലീച്ച് ലായനി കൊണ്ട് പോകാവുന്നതാണ്.
- സാമൂഹിക അകലം പാലിക്കുക.
- മാസ്ക് ധരിക്കുക.

ഡോ. സരിത ആർ.എൽ.
ആരോഗ്യവകുപ്പ് ഡയറക്ടർ

പകർപ്പ് :1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2) ചാർജ് മാൻ
3) ഫോർമാൻ മെക്കാനിക്ക്